"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന പരേതനായ ശ്രീ. കിഷോർ തോമസിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 5351/2026/ധന** **തീയതി, തിരുവനന്തപുരം, 01/07/2026**

പരാമർശം :- 1. 22/11/2024 തീയതിയിലെ സ.ഉ (അച്ചടി) നം. 100/2024/ധന ഉത്തരവ്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23/12/2024 തീയതിയിലെ നം. കെ എസ് എ 3036/അക്കൗണ്ട്സ്.4/2024 നമ്പർ കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/11/2025 തീയതിയിലെ DHS/28109/2025-MR3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന പരേതനായ ശ്രീ. കിഷോർ തോമസിന്റെ എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ നടത്തിയ ചികിത്സയുമായി ബന്ധപ്പെട്ട് 25.02.2023 മുതൽ 04.09.2024 വരെ ചെലവായ തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേക്ക് അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) -ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7,82,352/- രൂപ അനുവദനീയമാണെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന മരണപ്പെട്ട കിഷോർ തോമസിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് 25.02.2023 മുതൽ 04.09.2024 വരെ എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 7,82,352/- രൂപയുടെ 80 ശതമാനമായ 6,25,882/- രൂപ (ആറു ലക്ഷത്തി ഇരുപത്തയ്യായിരത്തി എണ്ണൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) സൂചന (1) ഉത്തരവിലെ ക്രമ നം.iii പ്രകാരം പരേതന്റെ നിയമാനുസൃത അനന്തരാവകാശികൾക്ക് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് '2054-00-098-99-01 (4) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ്.എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ.3010082/എസ്റ്റാ-ഡി4/130/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ